പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2507 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ മേഖലയിലെ കമ്മീഷൻ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ സ്ഥാപനങ്ങളിൽ ദിനനിക്ഷേപ പിരിവുകാർ, അപ്രൈസർമാർ എന്നിവരടങ്ങുന്ന കമ്മീഷൻ ജീവനക്കാർ അനുഭവിക്കുന്ന വിവിധ വിഷമതകളും ആനുകൂല്യ ലഭ്യതക്കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: സഹകരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന കമ്മീഷൻ ജീവനക്കാർ അനുഭവിക്കുന്ന വിവിധ വിഷമതകളും ആനുകൂല്യ ലഭ്യതക്കുറവും സംബന്ധിച്ച് ലഭ്യമായ നിവേദനങ്ങൾ പരിശോധിച്ച് വരുന്നു.

(ബി) 2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 10 വർഷം സർവീസുള്ള കമ്മീഷൻ ജീവനക്കാർക്ക് നൽകിവരുന്ന 4,000/- രൂപ സ്ഥിരവേതനവും, പി.എഫ്. വിഹിതം കണക്കാക്കുന്നതിനുള്ള 5,000/- രൂപ ശമ്പള പരിധിയും കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) കമ്മീഷൻ ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നതിന് പെൻഷൻ ബോർഡിൽ 4 ലക്ഷം രൂപ അടവുണ്ടായിരിക്കണം എന്ന നിബന്ധന മൂലം ഭൂരിഭാഗം പേർക്കും പെൻഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പെൻഷൻ ഫണ്ടിലെ ഈ തുകയുടെ പരിധി ഒഴിവാക്കാനോ ബാക്കി തുക സ്ഥാപനങ്ങൾ അടയ്ക്കാൻ നിർദ്ദേശം നൽകാനോ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: 19.09.2019-ലെ സഹ എ3/235/2018 സഹ നമ്പർ സർക്കാർ കത്ത് പ്രകാരം 4 ലക്ഷം രൂപ എങ്കിലും പെൻഷൻ കോൺട്രിബ്യൂഷൻ ആയി പെൻഷൻ ബോർഡിലേക്ക് ലഭിക്കുന്നതിന് അനുസൃതമായി മിനിമം പെൻഷൻ തുക അനുവദിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത തുക ജീവനക്കാർ, സംഘം എന്നിവരിൽ നിന്നും ശേഖരിച്ച് പെൻഷൻ ഫണ്ടിൽ അടവാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടുതൽ മെച്ചപ്പെടുത്തതിന് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

(ഡി) കമ്മീഷൻ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, ലീവ് ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും പ്യൂൺ/വാച്ച്മാൻ പ്രൊമോഷൻ റേഷ്യോ 4:1 എന്നതിൽ നിന്ന് 2:1 ആയി ഉയർത്തുന്നതിനും നടപടി

സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) സാമൂഹ്യസുരക്ഷാ പെൻഷൻ വീടുകളിലെത്തിച്ച് നൽകുന്ന ജീവനക്കാരുടെ ഇൻസെന്റീവ് 25 രൂപയിൽ നിന്ന് 40 രൂപയായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: സർക്കാരിന്റെ 23.08.2016-ലെ സ.ഉ.(സാധാ)നമ്പർ 6950/2016 ധന നമ്പർ ഉത്തരവ് പ്രകാരം ഒരു ഗുണഭോക്താവിനുള്ള സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിനുള്ള സർവ്വീസ് ചാർജ്ജായി 50/- രൂപ അനുവദിച്ചിരുന്നു. തുടർന്ന് 30.08.2016-ലെ സ.ഉ.(സാധാ) നമ്പർ 7153/2016 ധന നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുകയിൽ പെൻഷൻ വീടുകളിൽ നേരിട്ട് എത്തിക്കുന്ന വിതരണക്കാർക്കും/ ഏജന്റുമാർക്കും 40/-രൂപയും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് 10/- രൂപയും എന്ന രീതിയിൽ തുക വിഭജിച്ച് നിശ്ചയിച്ച് നൽകുകയുണ്ടായി.

ഇതിനു ശേഷം 05.01.2023-ലെ സ.ഉ.(കൈ) നമ്പർ 03/2023 ധന ഉത്തരവ് പ്രകാരം ആകെ ഇൻസെന്റീവ് തുക 50/-രൂപയിൽ നിന്ന് 30/-രൂപ ആയി കുറയ്ക്കുകയുണ്ടായി. ഇതനുസരിച്ച് വീടുകളിൽ പെൻഷൻ എത്തിക്കുന്ന ഏജന്റുമാർക്ക് 25/-രൂപയും സഹകരണ സംഘങ്ങൾക്ക് 5/-രൂപയുമായി പുനർ നിശ്ചയിക്കുകയും, പ്രസ്തുത നിരക്കിന് 2021 നവംബർ മുതൽ മുൻകാല പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്.

വിവിധ സാമ്പത്തിക സാഹചര്യങ്ങളും നിബന്ധനകളും മുൻ നിർത്തി പരിഷ്കരിച്ച ഇൻസെന്റീവ് നിരക്കാണ് നിലവിൽ പ്രാബല്യത്തിൽ ഉള്ളത്. അതിനാൽ വിതരണക്കാരുടെ ഇൻസെന്റീവ് 25/- രൂപയിൽ നിന്ന് 40/- രൂപയായി പുന:സ്ഥാപിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ